## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4213** — **16.12.2014 - ൽ മറുപടിക്ക്**

### ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ താലൂക്ക് തല പ്രവർത്തനം

ചോദ്യം

ശ്രീ. ബി. സത്യൻ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) ആറ്റിങ്ങൽ നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി വർക്കല താലൂക്ക് നിലവിൽ വന്നതോടെ വ്യവസായ വകുപ്പിന്റെ താലൂക്ക് തല പ്രവർത്തനം എങ്ങനെയാണ് ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ആറ്റിങ്ങൽ നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി വർക്കല താലൂക്ക് നിലവിൽ വന്നെങ്കിലും വ്യവസായ വകുപ്പിന്റെ താലൂക്ക് തല ഓഫീസ് നാളിതുവരെ രൂപീകൃതമായിട്ടില്ല. ആയതിനാൽ വർക്കല താലൂക്ക് രൂപീകൃതമാകുന്നതിനു മുമ്പ് ക്രമീകരിച്ചിരുന്ന അതേ സംവിധാനത്തിൽ ടി താലൂക്ക്, ചിറയിൻകീഴ് താലൂക്ക് വ്യവസായ ഓഫീസിന്റെ നിയന്ത്രണത്തിൽ തുടർന്നു വരുന്നു. |
| (ബി) ആറ്റിങ്ങൽ പ്രദേശം രണ്ടു താലൂക്കുകളായി മാറിയപ്പോൾ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളും പദ്ധതികളും ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ ഈ സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ടായിരുന്നോ ; ഉണ്ടെങ്കിൽ ചിറയിൻകീഴ് താലൂക്കിൽ എവിടെയാണ് പദ്ധതി നടന്നത് ; എന്തെല്ലാം പദ്ധതികളാണ് നടന്നത് ; വിശദമാക്കാമോ ? | (സി) സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ ചിറയിൻകീഴ് ബ്ലോക്കിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും പ്രാതിനിധ്യത്തോടുംകൂടി ചിറയിൻകീഴിൽ സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയുണ്ടായി. കൂടാതെ ചിറയിൻകീഴിലെ ആറ്റിങ്ങൽ മുനിസിപ്പൽ പ്രദേശത്തെ 10 പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിങ് പരിശീലനവും സബ്സിഡി നിരക്കിൽ ഓട്ടോറിക്ഷകളും ലഭ്യമാക്കി. പേപ്പർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും യൂണിറ്റ് രൂപീകരണവും നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ.